പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5015 — 30.06.2014 -ൽ മറുപടിയ്ക്ക്

## ബിവറേജസ് കോർപ്പറേഷനിൽ ഹെൽപ്പർ/പ്യൂൺ തസ്തികയിലെ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |
| (എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ ഹെൽപ്പർ/പ്യൂൺ തസ്തികയിലേക്ക് നിയമനം നടത്തുവാൻ പി.എസ്.സി തയ്യാറാക്കിയ നിയമന ലിസ്റ്റ് നിലവിലുണ്ടോ ; എങ്കിൽ പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകുവാനാണ് കോർപ്പറേഷൻ പി.എസ്.സി. യോട് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിലെ ഹെൽപ്പർ/ പ്യൂൺ തസ്തികയിലെ നിയമനത്തിനുള്ള പി.എസ്.സി റാങ്ക്ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ട്. 247 ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുവാനാണ് പി.എസ്.സി യോട് ആവശ്യപ്പെട്ടിട്ടുള്ളത്. |
| (ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയെന്ന് അറിയിക്കുമോ ; | (ബി) പി.എസ്.സി നിയമന ശുപാർശ നൽകിയ 246 പേർക്ക് നിയമന ഉത്തരവ് നൽകി. ഇതിൽ 89 പേർ ജോലിയിൽ പ്രവേശിച്ചു. ഇതിൽ 2 പേർ രാജിവച്ചു. ഒരു തസ്തികയിൽ പി.എസ്.സി നിയമന ശുപാർശ നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ഈ തസ്തികയിലേക്ക് എത്രപേരുടെ ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ; | (സി) | ഈ തസ്തികയിൽ നിലവിൽ 159 ഒഴിവുകൾ നിലവിലുണ്ട്. |
| (ഡി) | പി.എസ്.സി തയ്യാറാക്കിയ അന്തിമ നിയമന പട്ടിക നിലവിൽ വന്ന ശേഷം മറ്റു വകുപ്പുകളിൽനിന്നും ജീവനക്കാരെ ഈ തസ്തികയിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പേർ എന്ന് അറിയിക്കുമോ ? | (ഡി) | കെ.എസ്.ബി.സി - യുടെ ഹെൽപ്പർ/ പ്യൂൺ തസ്തികയിൽ 23.06.2014 വരെ 105 പേരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. പി.എസ്.സി ശുപാർശ ചെയ്യപ്പെട്ട ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് ഡെപ്യൂട്ടേഷൻ നിയമനം റദ്ദു ചെയ്യും എന്ന വ്യവസ്ഥയിലാണ് ഇത്തരം നിയമനം നടത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ